## പതിനാലാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 302 — 02.03.2020 ൽ മറുപടിയ്ക്ക്

## മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|
| വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സംസ്ഥാനത്ത് കൂടുതൽ മാവേലി സ്റ്റോറുകളും മാവേലി സൂപ്പർ മാർക്കറ്റുകളും ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ? | പരിഗണനയിലുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഒരു സപ്ലൈകോ വില്പനശാല പോലും ഇല്ലാത്ത 38 പഞ്ചായത്തുകളാണ് സംസ്ഥാനത്ത് ഉണ്ടായിരുന്നത്. എന്നാൽ നിലവിൽ അത് 14 ആയി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. നിലവിലെ സർക്കാർ മാനദണ്ഡപ്രകാരം അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അനുയോജ്യമായ കെട്ടിടവും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുന്നമുറയ്ക്ക് ടി പഞ്ചായത്തുകളിൽ പുതിയ സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇതുകൂടാതെ സപ്ലൈകോയുടെ സേവനങ്ങൾ കൂടുതൽ ജനങ്ങൾക്ക് ഉപകാരപ്രദമാക്കണമെന്ന ലക്ഷ്യം മുൻ നിർത്തി വിപണന സാധ്യതയുള്ള പ്രദേശങ്ങളിൽ അനുയോജ്യമായ കെട്ടിട സൗകര്യം ന്യായമായ വാടക നിരക്കിൽ ലഭ്യമാകുന്നമുറയ്ക്ക് വിശദമായ സാധ്യതാ പഠനത്തിൻറെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ നിലവിലെ മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളും പീപ്പിൾസ് ബസാറുകളും ആയി വിപുലീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ